(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നും എത്രയായിട്ടാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്നും ആയത് എന്നു മുതൽ നൽകി തുടങ്ങിയെന്നും വിശദമാക്കുമോ;

(സി) ധനസഹായ വിതരണത്തിൽ കുടിശ്ശികയായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ളതും ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള പ്രതിമാസ ഗ്രാന്റ് 5-1-2009 മുതൽ 150 രൂപയിൽ നിന്നും 200 രൂപയാക്കുകയും തുടർന്ന് 1-4-2010 മുതൽ പ്രാബല്യത്തിൽ 200 രൂപയിൽ നിന്നും 250 രൂപയായും 1-4-2012 മുതൽ പ്രാബല്യത്തിൽ 250 രൂപയിൽ നിന്നും 525 രൂപയായും 525 രൂപയിൽ നിന്നും 700 രൂപയായി 1-4-213 മുതൽ പ്രാബല്യത്തിലും 700 രൂപയിൽ നിന്നും 800 രൂപയായി 1-4-2014 മുതൽ പ്രാബല്യത്തിലും 800 രൂപയിൽ നിന്നും 1000 രൂപയായി 1-1-2015 മുതൽ പ്രാബല്യത്തിലും വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) 2014-15 സാമ്പത്തിക വർഷം ഗ്രാന്റ് നൽകുന്നതിന് കുടിശ്ശിക ഉണ്ടായിരുന്നു. നടപ്പുവർഷം (2015-16) ലഭ്യമായ എല്ലാ അപേക്ഷകൾക്കും കുടിശ്ശിക ഉൾപ്പെടെ ഗ്രാന്റ് നൽകുന്നതിന് 15,99,64,000 രൂപ ബഡ്ജറ്റ് പ്രകാരവും 32,58,10,000 രൂപ അഡീഷണൽ അതറൈസേഷൻ വഴിയും ലഭ്യമാക്കിയിട്ടുണ്ട്.

കടുത്തുരുത്തിയിൽ കിലയുടെ റീജിയണൽ സെന്റർ

348 (1822) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഞീഴൂർ പഞ്ചായത്തിൽ കിലയുടെ റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിന് 5 ഏക്കർ വിട്ടു നൽകുന്നതു സംബന്ധിച്ച് 47573/RC4/LSGD/2014 ഫയൽ ഇപ്പോൾ ആരുടെ കൈവശമാണ്;

(ബി) പ്രസ്തുത ഫയലിൽ തീരുമാനം കൈക്കൊള്ളുന്നതിന് ഉണ്ടായിട്ടുള്ള ആശയക്കുഴപ്പം പരിഹരിച്ച് കില യുടെ റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 47573/RC4/LSGD/2014 നമ്പർ ഫയൽ ഇപ്പോൾ തദ്ദേശസ്വയംഭരണ(ആർ.സി.) വകുപ്പിലാണ് ഉള്ളത്.

(ബി) ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 1637, 1669, 1695 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly

9.30 AM]

ശ്രീ. എ. കെ. ബാലൻ : സർ... (ബഹളം)....

മി. സ്പീക്കർ :ബഹുമാനപ്പെട്ട എ. കെ. ബാലൻ, ചോദ്യോത്തര സമയം കഴിഞ്ഞതിനാൽ അടുത്ത നടപടികളിലേക്ക് കടക്കുകയാണ്. പ്ലീസ്.....

മി. സ്പീക്കർ : ഓർഡർ.....ഓർഡർ..... ചട്ടം 64 പ്രകാരം ബഹുമാനപ്പെട്ട കെ.എം. മാണിക്ക് പ്രസ്താവന നടത്താവുന്നതാണ്.

II ചട്ടം 64 പ്രകാരമുള്ള പ്രസ്താവന

ശ്രീ. കെ. എം. മാണി : സർ, സംസ്ഥാന സർക്കാരിന്റെ പുതുക്കിയ മദ്യനയത്തിനെതിരെ ഒരു ബാർ ഉടമ ദൃശ്യമാധ്യമങ്ങളിലൂടെ നടത്തിയ ആരോപണത്തിന്റെ പേരിൽ വിജിലൻസിന് നൽകപ്പെട്ട ഒരു പരാതി പരിഗണിക്കവെ ബഹുമാനപ്പെട്ട ഹൈക്കോടതി നോട്ടീസ് അയച്ച് എന്നെ കേൾക്കാനുള്ള അവസരമില്ലാതെ സാന്ദർഭികമായി നടത്തിയ പരാമർശം അത്യന്തം വേദനാജനകമാണ്.

ശ്രീ. സി. ദിവാകരൻ : സർ, ഇത് എന്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ പറയുന്നത്?

മി. സ്പീക്കർ : ചട്ടം 64 അനുസരിച്ച് മന്ത്രി രാജിവച്ചാൽ അത് സംബന്ധിച്ച് മന്ത്രിക്ക് പ്രസ്താവന നടത്താം.

ശ്രീ. സി. ദിവാകരൻ : സർ, ശ്രീ. കെ. എം. മാണി ഇപ്പോൾ മന്ത്രി അല്ല .....(ബഹളം).....

മി. സ്പീക്കർ : ബഹുമാനപ്പെട്ട സി. ദിവാകരൻ, ഒരു മന്ത്രി രാജി വച്ചാൽ രാജിവയ്ക്കുന്ന മന്ത്രിക്ക് നിയമസഭയിൽ പ്രസ്താവന നടത്താം. ചട്ടം 64 വായിച്ചുനോക്കൂ.....(ബഹളം)..... ബഹുമാനപ്പെട്ട കെ. എം. മാണി, അങ്ങേയ്ക്ക് പ്രസ്താവന നടത്താം.

ശ്രീ. കെ. എം. മാണി : സർ, ...(ബഹളം).....

ശ്രീ. സി. ദിവാകരൻ : സർ, ചട്ടം 64-ൽ രാജിയെപ്പറ്റിയുള്ള വിശദീകരണം എന്നാണ് പറഞ്ഞിട്ടുള്ളത്. അദ്ദേഹം മന്ത്രി അല്ലാതായതിനുശേഷം ഇന്നലെയും ഇതിനുമുമ്പുള്ള ദിവസവും സഭയിൽ ഹാജരായി. അന്നൊന്നും പ്രസ്താവന നടത്തിയില്ല. അദ്ദേഹം മന്ത്രിസ്ഥാനം രാജിവച്ചിട്ട് കുറേ നാളുകളായി. .....(ബഹളം).....

മി. സ്പീക്കർ : ഇതിന് ബഹളം വേണ്ട. ബഹുമാനപ്പെട്ട സി. ദിവാകരൻ, എന്താണ് പറയാനുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly